ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.07.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ആഗോള സമ്പദ് വ്യവസ്ഥയിൽ സ്ഥിരതയും മൂല്യവുമുള്ള പങ്കാളിയായി മാറുന്നതിനുള്ള ശരിയായ ദിശയിലാണ് ഇന്ത്യയെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ.

   Vice President Jagdeep Dhankhar says India is on the right track to becoming a stable and valued partner in the global economy.

2. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് കേരളത്തിൽ. നാളെ തിരുവനന്തപുരത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും.

   Union Home Minister Amit Shah will reach Kerala today. He will participate in various programs in Thiruvananthapuram tomorrow.

3. കേരള എൻജിനിയറിങ്, ആർക്കിടെക്ചർ ആൻഡ് മെഡിക്കൽ എൻട്രൻസ് പരീക്ഷയുടെ പുതുക്കിയ ഫലം പ്രസിദ്ധീകരിച്ചു.

The revised results of the Kerala Engineering, Architecture and Medical Entrance Examination published.

4. ഇന്ത്യൻ ബഹിരാകാശയാത്രികൻ ശുഭാംശു ശുക്ല ഉൾപ്പെടെ ആക്സിയം-4 ദൗത്യത്തിലെ നാല് അംഗങ്ങളുടെയും മടക്കയാത്ര തിങ്കളാഴ്ചയെന്ന് നാസ.

NASA has announced that the return journey for Indian Astronaut Shubhanshu Shukla and three other crew members of Axiom-4 mission will begin on Monday.

5. വിംബിൾഡൺ ടെന്നീസ് പുരുഷ സിംഗിൾസ് സെമിഫൈനലിൽ നൊവാക് ജോക്കോവിച്ച് ഇന്ന് യാനിക് സിന്നറുമായി ഏറ്റുമുട്ടും.

Novak Djokovic will face Jannick Zinner in the Wimbledon men's singles semifinals today.

&&&&&&&&&&&&&&&&&&

**VP INDIAN ECONOMY(INTRO )**

ആഗോള സമ്പദ് വ്യവസ്ഥയിൽ സ്ഥിരതയും മൂല്യവുമുള്ള പങ്കാളിയായി മാറുന്നതിനുള്ള ശരിയായ പാതയിലാണ് രാജ്യമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. ന്യൂഡൽഹിയിൽ നടന്ന സിഐഐ-ഐടിസി സുസ്ഥിരതാ അവാർഡ് ദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു ഉപരാഷ്ട്രപതി . വികസന മാതൃകയുടെ ദീപസ്തംഭമാണ് ഇന്ത്യ. സമ്പദ് വ്യവസ്ഥയിൽ ഫലപ്രദമായ പരിവർത്തനത്തിന് വ്യവസായം ഒരു പ്രധാന പങ്ക് വഹിക്കേണ്ടതുണ്ടെന്ന് ഉപരാഷ്ട്പതി പറഞ്ഞു.

*(ഹോൾഡ് വോയിസ്)*

&&&&&&&&&&&&&&&&&&

## MEA-GLOBAL SOUTH REMARKS

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വിദേശ സന്ദർശനങ്ങളെക്കുറിച്ചുള്ള പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് മാന്റെ പരാമർശത്തെ വിദേശകാര്യ മന്ത്രാലയം ശക്തമായി വിമർശിച്ചു. ഇത്തരം പരാമർശങ്ങൾ നിരുത്തരവാദപരവും ഖേദകരവുമാണെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. സുഹൃദ് രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധത്തെ ദുർബലപ്പെടുത്തുന്ന അഭിപ്രായങ്ങളിൽനിന്ന് സർക്കാർ വിട്ടുനിൽക്കുന്നുവെന്നും ജയ്സ്വാൾ പറഞ്ഞു.

&&&&&&&&&&&&&&&&&&

## AMIT SHAH-KERALA

ബിജെപി മുതിർന്ന നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ ഇന്ന് തിരുവനന്തപുരത്ത് എത്തും. നാളെ ബിജെപിയുടെ പുതിയ സംസ്ഥാന കാര്യാലയം അദ്ദേഹം ഉദ്ഘാടനം ചെയ്യും. പുത്തരിക്കണ്ടം മൈതാനത്ത് തെക്കൻ ജില്ലകളിലെ ബൂത്ത് ലെവൽ നേതാക്കളെ അഭിസംബോധന ചെയ്യുന്ന അദ്ദേഹം, ബിജെപി സംസ്ഥാന നേതൃയോഗത്തിലും പങ്കെടുക്കും. കണ്ണൂർ തളിപ്പറമ്പിലെ രാജരാജേശ്വര ക്ഷേത്രത്തിലും കേന്ദ്ര മന്ത്രി ദർശനം നടത്തും.

&&&&&&&&&&&&&&&&&&

## BIHAR – SIR

ബിഹാറിലെ വോട്ടർപട്ടികയുടെ പ്രത്യേക തീവ്ര പുനഃപരിശോധന 66 ശതമാനം പൂർത്തിയായതായി തെരഞ്ഞെടുപ്പ് കമ്മീഷൻ. ഇന്നലെ വൈകിട്ട് 6 മണി വരെ, 5.22 കോടി ഫോമുകൾ ശേഖരിച്ചു. സംസ്ഥാനത്ത് മൊത്തം 7.89 കോടി വോട്ടർമാരാണുള്ളത്. ഏകദേശം 98 ശതമാനം വോട്ടർമാർക്കും ഇതിനകം ഫോമുകൾ വിതരണം ചെയ്തുകഴിഞ്ഞു. ജൂലൈ 25ന് മുമ്പായി പരിശോധന് പൂർത്തിയാക്കാൻ കഴിയുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ബിഹാറിൽ വോട്ടർപട്ടിക പരിഷ്കരണവുമായി മുന്നോട്ടുപോകാൻ സുപ്രീം കോടതി ഇന്നലെ തിരഞ്ഞെടുപ്പ് കമ്മീഷന് അനുമതി നൽകി. ആധാർ, റേഷൻ കാർഡ്, വോട്ടർ ഐഡി കാർഡ് തുടങ്ങിയ പ്രധാന തിരിച്ചറിയൽ

രേഖകൾ സ്വീകരിക്കുന്നത് പരിഗണിക്കണമെന്ന് സുപ്രീംകോടതി ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

## AXIOM-4 - NASA

ഇന്ത്യൻ ബഹിരാകാശയാത്രികൻ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ല ഉൾപ്പെടെ ആക്സിയം-4 ദൗത്യത്തിലെ നാല് അംഗങ്ങളുടെയും മടക്കയാത്ര തിങ്കളാഴ്ച ആരംഭിക്കും. അൺഡോക്കിംഗിന് മണിക്കൂറുകൾക്ക് ശേഷം പസഫിക് സമുദ്രത്തിൽ കലിഫോർണിയ തീരത്തിനടുത്താകും പേടകം ഇറങ്ങുകയെന്ന് നാസ കൊമേഴ്സ്യൽ ക്രൂ പ്രോഗ്രാം മാനേജർ സ്റ്റീവ് സ്റ്റിച്ച് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ശുഭാംശു ശുക്ല, 14 ദിവസത്തെ ദൗത്യത്തിനാണ് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് പോയത്. രാകേഷ് ശർമ്മയ്ക്ക് ശേഷം ഇന്ത്യയിൽ നിന്നുള്ള ബഹിരാകാശയാത്രികനായ അദ്ദേഹം, ബഹിരാകാശ നിലയത്തിലെത്തുന്ന ആദ്യ ഇന്ത്യക്കാരനാണ്. ഇന്ത്യയുടെ ഗഗൻയാൻ ബഹിരാകാശ ദൗത്യത്തിനുള്ള ഉറച്ച ചുവടുവയ്പ്പായാണ് ആക്സിയം4 കണക്കാക്കപ്പെടുന്നത്.

&&&&&&&&&&&&&&&&&&

## KEAM-HC

കേരള എൻജിനിയറിങ്, ആർക്കിടെക്ചർ ആൻഡ് മെഡിക്കൽ എൻട്രൻസ് , കീം പരീക്ഷയുടെ പുതുക്കിയ ഫലം പ്രസിദ്ധീകരിച്ചു. 76,230 വിദ്യാർഥികൾ യോഗ്യത നേടി.

ആദ്യത്തെ റാങ്ക് പട്ടിക റദ്ദാക്കിയ ഹൈക്കോടതി സിംഗിൾ ബെഞ്ച് വിധി ഡിവിഷൻ ബെഞ്ച് ശരിവച്ചിരുന്നു. ഇതേത്തുടർന്നാണ് മുൻ നിശ്ചയിച്ച പ്രോസ്പെക്ടസ് പ്രകാരം പുതുക്കിയ പട്ടിക പ്രസിദ്ധീകരിച്ചത്. പുനഃക്രമീകരിച്ച പട്ടികയിൽ ആദ്യ 100 റാങ്കുകാരിൽ 77 ആൺകുട്ടികളും 23 പെൺകുട്ടികളുമാണുള്ളത്. തിരുവനന്തപുരം സ്വദേശിയായ ജോഷ്വ ജേക്കബ് തോമസിനാണ് ഒന്നാം റാങ്ക്. എല്ലാ കുട്ടികൾക്കും നീതി ലഭിക്കുന്നതിനായി സദുദ്ദേശപരമായാണ് റാങ്ക് നിർണയത്തിൽ മാറ്റംവരുത്താൻ സർക്കാർ ശ്രമിച്ചതെന്നു ഉന്നതവിദ്യാഭ്യാസമന്ത്രി ഡോ.ആർ ബിന്ദു പറഞ്ഞു.

&&&&&&&&&&&&&&&&&&

## CENTRE-FLOOD

പ്രകൃതിദുരന്തങ്ങൾ നേരിട്ട കേരളം, അസം, മണിപ്പൂർ, മേഘാലയ,മിസോറം, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങൾക്ക് 1,066 കോടിയിലധികം രൂപയുടെ ധനസഹായം അനുവദിച്ച് കേന്ദ്ര സർക്കാർ. തെക്ക്-പടിഞ്ഞാറൻ മൺസൂണിൽ ഉണ്ടായ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഈ സംസ്ഥാനങ്ങളെ സാരമായി ബാധിച്ചെന്ന വിലയിരുത്തലിലാണ് തുക അനുവദിച്ചത്. കേരളത്തിന് 153.20 കോടി രൂപയാണ് ലഭിക്കുക.

&&&&&&&&&&&&&&&&&&

## NIPAH

കേരളത്തിൽ നിപ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള കേന്ദ്രസംഘം പാലക്കാടും മലപ്പുറത്തും സന്ദർശനം തുടരുന്നു. നിപാ ബാധിച്ച് മരിച്ച മലപ്പുറം മക്കരപ്പറമ്പ് സ്വദേശിനിയുടെ വീടും കേന്ദ്രസംഘം സന്ദർശിച്ചു. പൂനൈ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ഐ.സി.എം.ആർ എന്നിവിടങ്ങളിൽ നിന്നുള്ള സംഘമാണ് പരിശോധന നടത്തുന്നത്. സെപ്റ്റംബർ മാസം വരെ നിപ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായി തുടരാനാണ് ആരോഗ്യവകുപ്പിൻറെ നിർദ്ദേശം. അതേ സമയം മലപ്പുറത്ത് പുതിയ നിപ കേസുകൾ റിപ്പോർട്ട് ചെയ്യാത്ത സാഹചര്യത്തിൽ കണ്ടെയ്ന്റ്മെൻറ് സോണുകൾ ഒഴിവാക്കി. നിലവിൽ സംസ്ഥാനത്ത് രണ്ടുപേരാണ് നിപാ ബാധിതരായി ചികിത്സയിലുള്ളത്.

&&&&&&&&&&&&&&&&&&

## GOYAL-IESW-INTRO

ഊർജസംഭരണ മേഖലയിലെ ഗവേഷണത്തിൽ ഇന്ത്യ ലോകത്തെ നയിക്കണമെന്ന്കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ ഊർജ സംഭരണവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ഒരു പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തെ സൗരോർജ

ഉത്പാദന ശേഷിയിൽ സമീപ വർഷങ്ങളിൽ വലിയ കുതിച്ചുചാട്ടം ഉണ്ടായതായും ശ്രീ. ഗോയൽ പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&&&

**SURESHGOPI -VISIT**

സ്വച്ഛതാ വാരാചരണത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് ഇന്ന് സംഘടിപ്പിക്കുന്ന പരിപാടി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും. ഓൾ സെയിൻസ് കോളേജിലാണ് പരിപാടി. വിദ്യാർത്ഥിനികൾക്ക് അദ്ദേഹം സ്വച്ഛതാ പ്രതിജ്ഞ ചൊല്ലി കൊടുക്കും.

&&&&&&&&&&&&&&&&&&

**CTCRI-GOVERNOR**

തിരുവനന്തപുരം ശ്രീകാര്യത്തുള്ള കേന്ദ്ര കിഴങ്ങ് വർഗ ഗവേഷണ കേന്ദ്രത്തിന്റെ 62 -ാ ാം സ്ഥാപക ദിനാഘോഷങ്ങൾ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേകർ ഇന്ന് ഉദ്ഘാടനം ചെയ്യും. രാവിലെ ICAR-CTCRI മിലേനിയം ഹാളിൽ നടക്കുന്ന പരിപാടിയിൽ വിവിധ ധാരണാപത്രങ്ങൾ കൈമാറും.

&&&&&&&&&&&&&&&&&&

**FISH PRODUCTION**

രാജ്യത്തെ മത്സ്യോൽപ്പാദനം ഇരട്ടിയിലധികമായതായി കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ്. കഴിഞ്ഞ 11 വർഷത്തിനുള്ളിൽ മത്സ്യോൽപ്പാദനം 95.79 ലക്ഷം ടണ്ണിൽ നിന്ന് 195 ലക്ഷം ടണ്ണായി . കേന്ദ്രം ആരംഭിച്ച 'നീല വിപ്ലവ'ത്തിന്റെ വിജയത്തെയാണ് ഇത് പ്രതിഫലിപ്പിക്കുന്നതെന്നു ഭുവനേശ്വറിൽ നടന്ന ദേശീയ മത്സ്യ കർഷക ദിന പരിപാടിയിൽ കേന്ദ്ര മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## TEST CRICKET

ലോർഡ്സിൽ നടക്കുന്ന ഇന്ത്യ ഇംഗ്ലണ്ട് മൂന്നാം ടെസ്റ്റിന്റെ ഒന്നാം ഇന്നിംഗ്സ് ഇന്ന് പുനരാരംഭിക്കും. വൈകിട്ടു 3:30 നാണു മത്സരം. ഇന്ത്യയ്ക്കെതിരെ 4 വിക്കറ്റിന് 251 റൺസ് എന്ന നിലയിലാണ് ഇംഗ്ലണ്ട് .ഇന്ത്യക്കു വേണ്ടി നിതീഷ് കുമാർ റെഡ്ഡി രണ്ടു വിക്കറ്റ് നേടി .രവീന്ദ്ര ജഡേജയും ജസ്പ്രീത് ബുംറയും ഓരോ വിക്കറ്റ് വീതം വീഴ്ത്തി.അഞ്ച് മത്സരങ്ങളുള്ള പരമ്പര നിലവിൽ 1-1 എന്ന നിലയിൽ സമനിലയിലാണ്.

&&&&&&&&&&&&&&&&&&

## WIMBLEDON

വിംബിൾഡൺ ടെന്നീസ് , പുരുഷ സിംഗിൾസ് സെമിഫൈനലിൽ ആറാം സീഡും ഏഴ് തവണ ചാമ്പ്യനുമായ നൊവാക് ജോക്കോവിച്ച് ഇറ്റലിയുടെ

യാനിക് സിന്നറുമായി ഇന്ന് ഏറ്റുമുട്ടും. വനിതാ സിംഗിൾസ് ഫൈനലിൽ , ഇഗ സ്വിയടെക് നാളെ 13-ാം സീഡ് അമാൻഡ അനിസിമോവയുമായി ഏറ്റുമുട്ടും.ഇന്നലെ നടന്ന സെമിഫൈനലിൽ സ്വിറ്റ്സർലൻഡു താരത്തെ പരാജയ പ്പെടുത്തിയാണ് സ്വിയടെക് തന്റെ ആദ്യ വിംബിൾഡൺ ഫൈനലിലെത്തിയത്.ലോക ഒന്നാം നമ്പർ താരം അരിന സബലെങ്കയെ പരാജയപ്പെടുത്തിയാണ് അനിസിമോവയുടെ ഫൈനൽ പ്രവേശം.

&&&&&&&&&&&&&&&&&&&

## WORLD CHESS CUP

FIDE വനിതാ വേൾഡ് കപ്പ് ചെസിൽ മികച്ച പ്രകടനം കാഴ്ചവച്ച് ഇന്ത്യൻ താരങ്ങൾ. ഇന്നലെ നടന്ന മത്സരങ്ങളിൽ ഇന്ത്യയുടെ നാല് താരങ്ങൾ മൂന്നാം റൗണ്ടിൽ സ്ഥാനം ഉറപ്പിച്ചു. കൊനേരു ഹംപി, ദ്രോണവല്ലി ഹരിക, , ആർ. വൈശാലി, ദിവ്യ ദേശ്മുഖ് എന്നിവരാണ് മൂന്നാം റൗണ്ടിൽ പ്രവേശിച്ചത്.

&&&&&&&&&&&&&&&&&&&

## NIMISHAPRIYA

യെമനിൽ മലയാളി നഴ്സ് നിമിഷ പ്രിയയുടെ വധശിക്ഷ തടയണമെന്നാവശ്യപ്പെട്ട് സുപ്രീം കോടതിയിൽ ഹർജി. 'സേവ് നിമിഷ പ്രിയ ആക്ഷൻ കൗൺസിൽ" എന്ന സംഘടനയാണ് ഹർജി നൽകിയിരിക്കുന്നത്. നയതന്ത്ര

മാർഗങ്ങളിലൂടെ മോചനം ഉറപ്പാക്കണമെന്നാണ് ഹർജിയിലെ ആവശ്യം. ഈ മാസം 16 നാണ് വധശിക്ഷ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഹർജി 14 ന് കോടതി പരിഗണിക്കും.

&&&&&&&&&&&&&&&&&&

**AGNIVEER**

ഇന്ത്യൻ വ്യോമസേനയുടെ അഗ്നിവീർ വായുസേനയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഇന്ന് രാവിലെ 11 മുതൽ ഈ മാസം 31 രാത്രി 11 മണി വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾക്കും
രജിസ്ട്രേഷനും AGNIPATHVAYU.CDAC.IN എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&